# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 30 .11.2022 മുതൽ 04.12.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 48/2022,(95) ചൊവ്വാഴ്ച | തീയ്യതി 29/11/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 30.11.2022 | 01.12.2022 | 02.12.2022 | 03.12.2022 | 04.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 9 | 2 | 0.1 | 3 | 5 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 2 | 4 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 290 | 250 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 5 | 2 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴക്കും ഒറ്റപെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 നവംബർ 30 | 2022 ഡിസംബർ 01 | 2022 ഡിസംബർ 02 | 2022 ഡിസംബർ 03 | 2022 ഡിസംബർ 04 |
|---|---|---|---|---|
| നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | ബാക്ടീരിയൽ ഇല കരിച്ചിൽ | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളി രോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോ മിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക |
| ശീതകാല പച്ചക്കറികൾ | പരിചരണം | പറിച്ചു നട്ട് ഒരാഴ്ച പ്രായമാകുമ്പോൾ ഒരു സെന്റിന് യൂറിയ 650 g, റോക്ക് ഫോസ്ഫേറ്റ് 2 kg, പൊട്ടാഷ് 400g എന്ന തോതിൽ ആദ്യ ഗഡു വളം ഇടാവുന്നതാണ്. |

മത്സ്യ കൃഷി- കാർപ് മത്സ്യങ്ങളായ കട്‌ല, റോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, സിൽവർ കാർപ്പ്, കോമണ് കാർപ്പ് എന്നീ ഇനങ്ങളെ ശുദ്ധ ജലത്തിൽ ചെയ്യാവുന്നതാണ്. ഇത് കൂടാതെ തിലാപ്പിയ, അനാബസ്, ആസ്സാം വാള, കാരി, വരാൽ തുടങ്ങിയ മത്സ്യങ്ങളെയും ശുദ്ധജലത്തിൽ കൃഷി ചെയ്യാവുന്നതാണ്.

മൃഗസംരക്ഷണം - കേരള സർക്കാർ മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നവംബർ 15 മുതൽ ഡിസംബർ 8 വരെ കുളമ്പു രോഗ കുത്തിവെപ്പ് തീവ്രയജ്ഞം നടത്തുന്നുണ്ട്.കർഷകർക്ക് സൗജന്യമായി അവരുടെ വീട്ടു പടിക്കൽ തന്നെ ഈ സേവനം ലാഭമാക്കുന്നതാണ്. എല്ലാ ക്ഷീര കർഷകരും ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതും കുത്തിവെപ്പ് എടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.